# കർമമില്ലാത്ത വിജ്ഞാനം
# ഫലം കായ്ക്കാത്ത വൃക്ഷം പോലെ

jthrees@hotmail.com

അടച്ചിട്ട ഒരു റൂമിൽ സ്വയം കത്തിത്തീരുന്ന മെഴുകുതിരി പോലെയാണ് കർമം ചെയ്യാത്ത പണ്ഡിതൻ. അയാൾ തനിക്കും സമൂഹത്തിനും ഉപകാരം ചെയ്യാത്തവനാകുന്നു. വഴിവിളക്ക് പോലെയാകുന്നു കർമകുശലൻ. അയാൾ തനിക്കും ചുറ്റുമുള്ളവർക്കും ഉപകരിക്കുന്നവനാകുന്നു.

വിജ്ഞാനത്തിനൊത്ത് പ്രവർത്തിക്കാത്തവൻ മഠയനാണ്. വിജ്ഞാനത്തിന് വിരുദ്ധം ജീവിക്കുന്നവൻ നാശകാരിയുമാകുന്നു.

കർമമില്ലാത്ത വിജ്ഞാനം ഫലം കായ്ക്കാത്ത മരത്തിന് തുല്യമാകുന്നു. കർമമാണ് വിജ്ഞാനത്തിന് ശോഭയേകുന്നത്. അത് മൗനമായിരിക്കാനുള്ളതല്ല. മൗനഘട്ടത്തിൽ വിദ്വാനും വിഢിക്കും തുല്യതാണ്. അലസനും ചടഞ്ഞിരിക്കുന്നവനുമായ വിജ്ഞാനിയും വിനാശകാരിയായ വിഢിയും തുല്യമാണ്.

വിജ്ഞാനം അടങ്ങിയൊതുങ്ങിക്കൂടാനുള്ളതല്ല, പ്രാവർത്തികമാക്കാനുള്ളതാണ്. ജീവിതമേഖലകളാണ് അതിന് കർമരംഗം. ജീവിതത്തിന് അടിസ്ഥാനവും ദിശയും നിർണയിക്കേണ്ടത് വിജ്ഞാനമാണ്. അതിൻെറ അഭാവത്തിൽ പിശാച് അവനെ ഭരിക്കും.

പണ്ഡിതൻ തിരുത്തേണ്ടവനാകുന്നു. തിരുത്തിയാൽ മാത്രം പോരാ, സംസ്കരിക്കുകയും ചെയ്യേണ്ടവനാകുന്നു. അതിൻെറ അഭാവത്തിൽ സമൂഹം രോഗഗ്രസ്തമാകും. സമൂഹം ദുഷിക്കുന്നതിൻെറ ഉത്തരവാദികൾ കർമരംഗത്തിറങ്ങാത്ത പണ്ഡിതരാകുന്നു. അവരുടെ കർമരംഗത്തെ അഭാവമാണ് സമൂഹത്തിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും തെറ്റുകളും പെരുകാൻ കാരണം.

ജീവിക്കാനും പ്രവർത്തിക്കാനും വിജ്ഞാനം വേണം എന്നല്ല പറയുന്നത്. ഉള്ള വിവരത്തിനനുസരിച്ച് ജീവിക്കണമെന്നാണ്. അപ്പോഴാണ് അവനെ വിവേകശാലി എന്ന് വിലയിരുത്താനാവുക.

പഠിച്ചതിനനുസരിച്ച് ജീവിക്കേണ്ടവനാകുന്നു മനുഷ്യൻ. അതവനെ മറ്റു ജീവികളിൽനിന്ന് വേർതിരിക്കുന്നതിനും സംസ്കൃതനാക്കുന്നതിനുമാകുന്നു. അതാണ് അവൻെറ നാഗരികതക്ക് അടിത്തറയാകേണ്ടത്.

മനുഷ്യജീവിതം ദിനേന എത്രയോ മേഖലകളിലൂടെ കടന്നുപോകുന്ന ഒരു വാഹനമാകുന്നു. അബദ്ധങ്ങളും സുബദ്ധങ്ങളും അതിൻെറ സ്വാഭാവിക താളമാകുന്നു. അപകടങ്ങളും അതിൻെറ മാർഗത്തിലുണ്ട്. അവിടെയെല്ലാം സംരക്ഷകനാകേണ്ടത് വിജ്ഞാനമാകുന്നു.

ഗ്രന്ഥങ്ങളിലുള്ള വിജ്ഞാനങ്ങൾ ഗ്രന്ഥങ്ങളിൽ തന്നെ പരിമിതമായാൽ പോരാ. അതുമായി തങ്ങൾക്ക് യാതൊരു ബന്ധവുമില്ല എന്നാണ് പലരുടെയും നിലപാട്. ഗ്രന്ഥങ്ങളിലെ മൂല്യങ്ങൾക്കനുസരിച്ച് ജീവിക്കാൻ ഓരോരുത്തരും തയാറാകണം. ആ നിലപാടാണ് അവൻെറ സംസ്കാരം.

തെറ്റ് ചെയ്യുകയില്ല എന്ന ഓരോരുത്തരും നിശ്ചയിക്കുക. സ്വന്തം മനസ്സിനെ അതിന് മേൽനോട്ടക്കാരനാക്കുക.

ഒരിക്കൽ ഒരു മോഷ്ടാവ് പ്രവാചകൻ മുഹമ്മദിൻെറ അടുത്ത് വന്ന് തന്നെ ഉപദേശിക്കണമെന്നു പറഞ്ഞു. നീ കള്ളം പറയരുതെന്ന് അദ്ദേഹം അവനെ ഉപദേശിച്ചു. രാത്രിയായപ്പോൾ അയാൾ മോഷണത്തിനൊരുങ്ങി. പെട്ടെന്ന് പ്രവാചകനോട് ചെയ്ത വാഗ്ദാനം അയാൾ ഓർത്തു. ഹൊ, നാളെ പ്രവാചകൻ “നീ ഇന്നലെ എന്തു ചെയ്തു എന്നു ചോദിച്ചാൽ എന്തു മറുപടി പറയും? വേണ്ടാ, മോഷ്ടിക്കേണ്ട.” അയാൾ മോഷണം നിർത്തി. ഇങ്ങനെ ഓരോ തെറ്റിന് മുതിരുമ്പോഴും അയാൾ പ്രവാചകനോട് ചെയ്ത കരാർ ഓർക്കുകയും ആ തെറ്റിൽനിന്ന് വിരമിക്കുകയും ചെയ്യും. ആ സമീപനരീതി അയാളെ ഉത്തമ സംസ്കാരമുള്ളവനാക്കി മാറ്റി.

കഥകളിൽനിന്ന് നാം പാഠമുൾക്കൊള്ളുക. അത് തനിക്ക് മാത്രമല്ല സമൂഹത്തിനും ഉപകാരം ചെയ്യും.